ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)എറണാകുളം
പാർക്ക് അവന്യൂ, എറണാകുളം – 682 011
☎ 0484-2360802 ✉ dmohekmoffice@gmail.com

'ഭരണഭാഷ മാതൃഭാഷ'

രജിസ്റ്റേർഡ് കത്ത് – കൈപ്പറ്റ് രശീതി സഹിതം

**Appendix H4**

നമ്പർ : എ6-1403/2024 തീയതി: 06.02.2025

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീ. മോബി ജോസഫ് എന്ന താങ്കൾ, വടക്കൻ പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നേഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി നോക്കിവരവെ, 10.03.2016 തീയതി മുതൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും, 09.03.2021-ൽ അവധി അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ 10.03.2021 മുതൽ വടക്കൻ പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തിട്ടുള്ളതാണ്. 24.02.2016-ൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പായി 10.03.2021 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു.

മേൽക്കാരണങ്ങളാൽ, താങ്കളുടെ Work & Conduct തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ 1958-ലെ KS&SSR Part II ചട്ടം 19(a)(ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും താല്ക്കാലികമായി തീരുമാനിക്കുന്നു. ടി തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പത്രത്തിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

ടി. വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൻസംബന്ധമായ വിശദീകരണം താങ്കളിൽ നിന്നും ടി. കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ. ആശാദേവി
ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം),
എറണാകുളം.

സ്വീകർത്താവ് :

ശ്രീ. മോബി ജോസഫ്,
പാറപ്പുറത്ത് പുത്തൻപുരയിൽ ഹൗസ്, കാക്കൂർ പി ഒ, കൂത്താട്ടുകുളം 686662

പകർപ്പ് :

1. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, വടക്കൻ പറവൂർ
2. ഫയൽ/കരുതൽ ഫയൽ

എം.